ഇന്ത്യയെ വീണ്ടെടുക്കൽ: നാനാത്വത്തിന് അപ്പുറം

സനിൽ വി.

ഇന്ത്യയെ വീണ്ടെടുക്കൽ: നാനാത്വത്തിന്
അപ്പുറം
സനിൽ വി.
(മലയാളം: ലേഖനം)

© 2022, Sanal V.

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Gateway of India, An image by Sahajbakhda. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഇന്ത്യയെ വീണ്ടെടുക്കൽ: നാനാത്വത്തിന് അപ്പുറം

(ബി. രാജീവന്റെ 'ഇന്ത്യയുടെ വീണ്ടെടുക്കൽ' എന്ന പുസ്തകത്തെ കുറിച്ച്)

'ഇന്ത്യയെ വീണ്ടെടുക്കുക' എന്ന ബി. രാജീവന്റെ പ്രഖ്യാപനത്തെ ചെറിയൊരു നടുക്കത്തോടെയേ കേൾക്കാനാവൂ. ഇന്ത്യ എന്ന പരമാധികാര റിപ്പബ്ലിക് രൂപപ്പെടുന്നതിനുമുമ്പേ 'ഇന്ത്യ വിടുക' എന്ന് ബ്രിട്ടീഷുകാരോട് ആജ്ഞാപിക്കാൻ നമുക്കു കഴിഞ്ഞിരുന്നു. ആ നിശ്ചയദാർഢ്യവും ആവേശവും വ്യക്തതയും നമുക്കിന്നു നഷ്ടപ്പെട്ടതുപോലെ. 'ഇന്ത്യ' എന്ന പേരിൽ വീണ്ടെടുക്കപ്പെടുന്ന എന്തിനെയും സംശയത്തോടെയും ഭയത്തോടെയുമാണ് നാം കാണുന്നത്. ആ കുടത്തിൽ നിന്ന് ഏതൊക്കെ ഭൂതങ്ങളാണ് പുറത്തുവരിക എന്ന് ആർക്കറിയാം? 'ഇന്ത്യയെ കണ്ടെത്തൽ' എന്ന നെഹ്റുവിയൻ പരിപാടിക്കും, ഇന്ത്യയിൽ (ഹിന്ദുവിനെ) നിർമ്മിക്കൽ എന്ന വർഗ്ഗീയ അജണ്ടക്കും എതിരെയുള്ള ചിന്തയും രാഷ്ട്രീയവുമാണ് 'ഇന്ത്യയെ വീണ്ടെടുക്കൽ' എന്ന പുസ്തകം മുന്നോട്ടുവയ്ക്കുന്നത്.

പുരോഗമനവൃത്തങ്ങളിൽ ഇന്ത്യ എന്ന പേരുതന്നെ ചതുർത്ഥിയാണ്. ഇന്ത്യ ഒരു ദേശരാഷ്ട്ര സങ്കല്പനമാണെന്നും അത് ആഖ്യാന നിർമ്മിതിയാണെന്നും അവർ വാദിക്കുന്നു. ബഹുലതയാണ് ആഖ്യാനങ്ങളുടെയും ആഖ്യാനനിർമ്മിതികളുടെയും പൊതുസ്വഭാവം. ഇന്ന് ഹിന്ദു-ഇന്ത്യ എന്ന ആഖ്യാനം മേൽക്കൈ നേടിയെടുത്ത് മറ്റ് ആഖ്യാനങ്ങളെ പുറന്തള്ളുകയോ അടിച്ചമർത്തുകയോ ചെയ്തിരിക്കുന്നു. ഇന്ത്യ എന്ന ദേശരാഷ്ട്രസങ്കല്പനത്തെ ഏതെങ്കിലും ഒരു കഥയ്ക്ക് വിട്ടുകൊടുക്കാതെ, എല്ലാ കഥകളെയും ചേർത്തുനിർത്തി ആഘോഷിക്കുകയാണ് വേണ്ടത്. ഹിന്ദു-ഇന്ത്യ എന്ന കഥ മുസ്ലീം-ഇന്ത്യ, ദ്രാവിഡ-ഇന്ത്യ, ആദിവാസി-ഇന്ത്യ തുടങ്ങിയ പല ഇന്ത്യാസങ്കല്പനങ്ങൾക്കുമൊപ്പം, അവയിൽ ഒന്നായി ഈ ആഘോഷത്തിൽ പങ്കുകൊണ്ടോട്ടെ. സെക്കുലർ ജനാധിപത്യ ഇന്ത്യ എന്നതാണ് ഈ ആഘോഷത്തിന്റെ പേര്. ഹിന്ദു-ഇന്ത്യ ജാതി ഇന്ത്യയാണ്. ഇന്ത്യയുടെ ചരിത്രം ബ്രാഹ്മണാധിപത്യത്തിന്റെ ചരിത്രമാണെന്ന് ചിലർ വാദിക്കുന്നു. മറ്റു ചിലർക്ക് ഇത് പുരുഷാധിപത്യത്തിന്റെ ചരിത്രം കൂടിയാണ്. ഈ ആന്തരവൈരുദ്ധ്യങ്ങളെ നേരിട്ടുകൊണ്ടുമാത്രമേ സെക്കുലർ വീണ്ടെടുപ്പ് സാധ്യമാകൂ.

എന്നാൽ, നാനാത്വത്തിലെ ഏകത്വം എന്നതാണ് ഹിന്ദു-ഇന്ത്യാവാദിയുടെയും മുദ്രാവാക്യം. സെക്കുലറിസം ഒരു പാശ്ചാത്യ ക്രിസ്ത്യൻ ആഖ്യാനമാണ്. ഏകശിലാരൂപിയായ അബ്രഹാമിക മതങ്ങളിലാണ് അതിന്റെ അടിസ്ഥാനം. നാനാർത്ഥങ്ങൾ അത് അനുവദിക്കുകയില്ല. മുപ്പത്തിമുക്കോടി ദേവീ-ദേവന്മാരെയും സാംസ്കാരിക വൈവിധ്യങ്ങളെയും മുന്നോട്ടുവെക്കുന്ന ഒരേയൊരു മതമാണ് ഹിന്ദുമതം. യഥാർത്ഥത്തിൽ അബ്രഹാമിക സങ്കല്പത്തിലുള്ള മതമല്ല അത്. ഹൈന്ദവധർമ്മം ഒരു ജീവിതസമ്പ്രദായമാണ്. അതുകൊണ്ട് ഇന്ത്യയെന്നാൽ ഹിന്ദുത്വ ഇന്ത്യ എന്ന നാനാർത്ഥത്തിലെ ഏകത്വമാണ്. സെക്കുലർ ഇന്ത്യയും പല കഥകളിൽ ഒന്നായി അതിൽ ചേരാം.

ഏത് ഇന്ത്യയാണ്, ആരുടെ ഇന്ത്യയാണ് വീണ്ടെടുക്കപ്പെടേണ്ടത്? ആരിൽ നിന്നാണ്, എവിടെ നിന്നാണ് വീണ്ടെടുക്കപ്പെടേണ്ടത്? ഈ തർക്കങ്ങൾ അന്തമില്ലാതെ തുടരാം. ഈ വിവാദങ്ങൾക്ക് ഒരു തീർപ്പുണ്ടാക്കുകയല്ല ഈ പുസ്തകത്തിന്റെ ലക്ഷ്യം. ആരുടെ, ഏത് ഇന്ത്യയാണ് വീണ്ടെടുക്കപ്പെടേണ്ടത് എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരമുണ്ട് രാജീവന്. കീഴാള ജനസഞ്ചയത്തിന്റെ ജൈവാധികാര പ്രയോഗമായ കേവല ജനാധിപത്യം. ഇവിടെ ആരാണ് 'കീഴാളൻ' എന്ന ചോദ്യമുയർന്നേക്കാം. സെക്കുലർ ജനാധിപത്യവാദിയും ഹിന്ദുരാഷ്ട്രവാദിയും തങ്ങളുടെ നാനാത്വത്തിലാണ് കീഴാളന്റെ സ്ഥാനം എന്ന വാശിപിടിച്ചേക്കാം. ഇനി കീഴാളൻ എന്ന പദത്തെ ഏറ്റെടുക്കാൻ മടിയുള്ള വരുമുണ്ടാകാം. കീഴാള-മേലാള വേർതിരിവിനെ എതിർക്കാനാണെങ്കിൽ പോലും അംഗീകരിക്കുന്നു എന്ന ആക്ഷേപമുണ്ടായേക്കാം. കീഴാളനെ ഇരയായി തെറ്റിദ്ധരിച്ച്, അടിച്ചമർത്തപ്പെട്ടു എന്ന ഒറ്റ കാരണത്താൽ, ആരും ഒരു നന്മയുടെയും അവകാശികളാവുന്നില്ല എന്ന് ശഠിച്ചേക്കാം. മാർക്സിസ്റ്റ് ഭൗതികവാദ രാഷ്ട്രീയത്തിന്റെ തകർച്ചയെ പൂർണ്ണമായും അംഗീകരിക്കാതെ വ്യാവസായിക തൊഴിലാളിവർഗ്ഗത്തിന് പകരം കൈത്തൊഴിലാളികൾ, കൃഷിക്കാർ, സ്ത്രീകൾ, ആദിവാസികൾ തുടങ്ങിയ ഗതികിട്ടാത്ത സകലരുടെയും മുന്നണിയാണ് കീഴാള ജനസഞ്ചയം എന്നും സംശയിച്ചേക്കാം. നിങ്ങളുടെ സംശയങ്ങളും ആക്ഷേപങ്ങളും സംഭ്രാന്തികളും എല്ലാം വിലയേറിയതു തന്നെ. അവയുണ്ടാവുന്നത് നിങ്ങൾ ചിന്തിക്കുന്നതുകൊണ്ടും നമ്മുടെ സമകാലിക ജീവിതത്തെ ഗൗരവമായെടുക്കുന്നതു കൊണ്ടുമാണ്. ജീവിതത്തിൽ അന്തഃസ്ഥിതമായിരിക്കുന്ന ശക്തികളുടെ ആവിഷ്കാരമാവുമ്പോഴേ ചിന്തയും ഈ സംശയങ്ങളെ നേരിടാനാവൂ. അല്ലാതെ സംശയങ്ങൾക്കൊന്നും ഇളക്കാനാവാത്ത ഭദ്രമായ ഒരടിത്തറ ആദ്യം കണ്ടെത്തി അവിടെ നിന്ന് തുടങ്ങുന്നതല്ല ചിന്ത. ഇതാണ് രാജീവന്റെ പ്രബുദ്ധമായ സ്പിനോസിസം!

സ്പിനോസ

നമ്മുടേതുപോലെ ഗതികെട്ട മറ്റൊരു സന്ദർഭത്തിൽ രാഷ്ട്രീയ ധാർമ്മികതയ്ക്കു വേണ്ടിയുള്ള അന്വേഷണമായിരുന്നു സ്പിനോസയുടേത്. ഒരു ജ്യാമിതീയ നിർധാരണത്തിലെന്നോണം പ്രമാണങ്ങളിൽ നിന്ന് അനുമാനങ്ങളിലേക്ക് യുക്തിഭദ്രമായി ചിന്തിച്ച പൊയ്യെണ്ടാണ് സ്പിനോസ തന്റെ 'എത്തിക്സ്' തയ്യാറാക്കിയത്. സ്വയംഭൂവും സ്വയംസിദ്ധവുമായ ദൈവം എന്ന പ്രമാണത്തിൽ നിന്നായിരുന്നു തുടക്കം. എന്നാൽ ദൈവത്തെക്കുറിച്ചും ഒട്ടനവധി ഉത്തരം കിട്ടിയിട്ടില്ലാത്ത ചോദ്യങ്ങളുണ്ട്. ദൈവമുണ്ടോ? ഉണ്ടെങ്കിൽ തന്നെ സർവ്വശക്തനാണോ? സകലതിന്റേയും സ്രഷ്ടാവാണോ? സ്രഷ്ടാവിനെ ആര് സൃഷ്ടിച്ചു? ഈ സംശയങ്ങളെ സ്പിനോസ നിഷേധിച്ചില്ല. എന്നാൽ എല്ലാറ്റിനും പരിഹാരമുണ്ടാക്കിയിട്ടല്ല ധാർമ്മിക ചിന്ത തുടങ്ങിയത്. ധാർമ്മികതയുടെ അടിയന്തര പ്രാധാന്യം ചിന്തയുടെ ഞരമ്പിൽ അറിഞ്ഞു കഴിഞ്ഞാൽ പിന്നെ നമ്മുടെ സംശയങ്ങളുടെയും വിശ്വാസത്തിന്റെയും ലക്ഷ്യമായ ദൈവത്തിൽ നിന്ന് ഒട്ടും സമയം കളയാതെ തുടങ്ങുക തന്നെ. ഇതാണ് സ്പിനോസിസം.

ദക്കാർത്ത

എന്നാൽ സ്പിനോസയുടെ സമകാലികനായിരുന്ന ദക്കാർത്താകട്ടെ, ഒരു സംശയത്തിനും തൊടാനാകാത്ത ഭദ്രമായ അടിത്തറയിൽ നിന്നേ ചിന്തിച്ചു തുടങ്ങൂ എന്ന് ശഠിച്ചു. ആർക്കും നിഷേധിക്കാനാവാത്ത 'ഞാനുണ്ട്' എന്ന അടിത്തറ, അദ്ദേഹം ചിന്തിച്ചു തുടങ്ങിയതോടെ ശരീരവും മനസ്സുമായി വിണ്ടുകീറിപ്പോയി. ദൈവത്തിൽ നിന്ന് തകൃതിയായി തുടങ്ങിയ സ്പിനോസയാകട്ടെ സംശയങ്ങളെ ചിന്തയ്ക്ക് അന്തഃസ്ഥിതമായ ശക്തിവിശേഷങ്ങളുമായി ഘടിപ്പിച്ചു. അതോടെ പലതും കപട പ്രശ്നങ്ങളായി കൊഴിഞ്ഞു പോയി. ചിന്തയുടെ ശക്തികൾ പ്രവർത്തിച്ചിരുന്ന സംശയങ്ങൾ അറിവായി പൂത്തുകായ്ച്ചു. ഇങ്ങനെ ചിന്തയുടെ സ്വാധികാരത്തെ വളർത്തിയെടുക്കാനുള്ള ഇടമായിരുന്നു സ്പിനോസയുടെ ദൈവം. അതുകൊണ്ടുതന്നെയാണ് ദൈവത്തിൽ തുടങ്ങിയ സ്പിനോസയെ പിൽക്കാലത്ത് ദൈവനിഷേധികളായ മാർക്സിസ്റ്റ് ചിന്തകരും ഭൗതികവാദികളും ഏറ്റെടുത്തത്. ഇതേപോലെ രാഷ്ട്രീയ ചിന്തയിലൂടെ ജൈവമായ ശക്തിവിശേഷത്തെ തെളിയിച്ചെടുക്കാനുള്ള ഇടമാണ് കീഴാള ജനസഞ്ചയം. രാജീവന്റെ രാഷ്ട്രീയ ചിന്ത പ്രവർത്തിക്കുന്നത് സാമ്പ്രദായിക രാഷ്ട്രമീമാംസയുടെ ആധാര സങ്കല്പങ്ങളായ ഭരണകൂടം, പൊതുസമൂഹം, ദേശീയ ജനാധിപത്യം, പ്രത്യയശാസ്ത്രം, ചരിത്രം തുടങ്ങിയവയിൽ നിന്ന് അകലെ മാറിയാണ്.

ഇന്ത്യ എന്ന പേര്:

വിനയചന്ദ്രൻ

"ഭാരതമെന്ന പേരു കേട്ടാൽ..." എന്ന കവിവാക്യത്തിൽ ഒരു സത്യമുണ്ട്. ഭാരതം എന്നാൽ ഒരു പേരാണ്. രാജീവൻ വിളിക്കുന്ന പേര് ഇന്ത്യ എന്നാണ്. ഒരു പേരു കേട്ടാൽ അതു കുറിക്കുന്ന വസ്തുവോ വ്യക്തിയോ ഏത് എന്നാവും നമ്മുടെ ചോദ്യം. എന്നാൽ, വിനയചന്ദ്രൻ എഴുതിയതുപോലെ, പേരിലാണ് പെരുമാളിരിക്കുന്നത്. 'വാക്കുകളും വസ്തുക്കളും' എന്ന പുസ്തകത്തിൽ രാജീവൻ കണ്ടെത്തുന്നത് പേര് കുറിക്കുന്ന വസ്തുവിലല്ല വസ്തുയാഥാർത്ഥ്യം, മറിച്ച് പേരിൽ തന്നെ ഉള്ളടങ്ങിയിരിക്കുന്ന പരോക്ഷ യാഥാർത്ഥ്യത്തിൽ ആണെന്നാണ്.

ഇന്ത്യയെന്നത് ഒരു പേരാണ്. പേര് അത് കുറിക്കുന്ന വസ്തുവിന്റെ വസ്തുതാവിവരണമോ വിവരങ്ങളുടെ സമാഹാരമോ അല്ല. അത് വസ്തുവിനെക്കുറിച്ച് നമ്മുടെ മനസ്സിലുള്ള ചിത്രമോ ആശയമോ അല്ല. വാല്മീകി എന്ന പേരുകാരൻ രാമായണകർത്താവാണ്. എന്നാൽ പിൽക്കാലചരിത്രം, രാമായണം എഴുതിയത് വ്യാസനാണ് എന്ന് തെളിയിച്ചു എന്നിരിക്കട്ടെ, അതുകൊണ്ട് നമ്മൾ രാമായണകർത്താവായ വ്യാസനെ വാല്മീകി എന്ന് വിളിക്കുകയില്ലല്ലോ? വാല്മീകി എന്ന പേര് വാല്മീകിയെ തന്നെ കുറിക്കും.

ചൂണ്ടിക്കാണിക്കൽ മാത്രമല്ല പേരിന്റെ ധർമ്മം. പേര് വിളിച്ചാണ് നമ്മൾ മറ്റൊരാളെ അഭിസംബോധന ചെയ്യുന്നത്. ഒരുതരത്തിലുമുള്ള ബലപ്രയോഗമില്ലാതെ വേണം (ശബ്ദം കൊണ്ടുപോലും) മറ്റൊരാളുടെ ശ്രദ്ധയാകർഷിക്കാൻ. അതായത്, പേരിന് അതിനു ബാഹ്യമായ ഒന്നിനെയും ആശ്രയിക്കാതെ, അതിന്റെ മാത്രം ശക്തികൊണ്ട് മറ്റൊരാളെ വിളിച്ചുണർത്തിയെടുക്കണം. പേര് വസ്തുതാവിവരണത്തിലും അർത്ഥവിനിമയത്തിലും നിന്ന് പൂർണ്ണമായി സ്വതന്ത്രമാണ് എന്നല്ല. ഒരു പേരു കേട്ടാൽ അത് കുറിക്കുന്ന വ്യക്തിയെപ്പറ്റിയുള്ള ചില അനുമാനങ്ങളിലൊക്കെ എത്താൻ കഴിയും. എന്നാൽ ഇതൊന്നും പേരിന് അനിവാര്യമല്ല. ഈ വിവരണങ്ങളൊക്കെ തെറ്റാണെന്നു വന്നാലും പേര് പെരുമാറിക്കൊള്ളും. വസ്തുവിനെ കുറിച്ചുള്ള വസ്തുതകളെല്ലാം വസ്തുതാവിരുദ്ധങ്ങളായി മാറാനുള്ള സാധ്യതയുള്ളപ്പോഴും വസ്തുവിന്റെ പരോക്ഷ യാഥാർത്ഥ്യത്തെ ധരിച്ചുവയ്ക്കുന്നതാണ് പേര്.

വസ്തുവിനെക്കുറിച്ചുള്ള വസ്തുതകളുടെ സമാഹാരമല്ല പേര്. വസ്തുതകൾക്കപ്പുറത്തുള്ള അതീത യാഥാർത്ഥ്യവുമല്ല. നമുക്ക പരിചിതമായ ലോകത്തിലെ വസ്തുതകൾക്ക് കടകവിരുദ്ധമായ വസ്തുതകൾ നിലനിൽക്കുന്ന മറ്റൊരു ലോകത്തിലും പേര് വസ്തുയാഥാർത്ഥ്യത്തെ തന്നെ കുറിക്കും. ഇത്തരം ലോകങ്ങളിലേക്ക് നൂണ്ടിറങ്ങാനുള്ള ദ്വാരമാണ് പേര്. ഈ അപരിചിത ലോകങ്ങൾ ടെലസ്കോപ്പുകൾ കണ്ണുനട്ടിരിക്കുന്ന അനന്തതയിലൊന്നുമല്ല. അവ ഇവിടെ തന്നെയുണ്ട്. വിവരണങ്ങളുടെയും ആഖ്യാനങ്ങളുടെയും ബഹുലതയിലും നാനാർത്ഥങ്ങളിലും നിന്ന് അർത്ഥം ഊറ്റിക്കളഞ്ഞ് ഉണ്ടാക്കുന്നതാണ് പേരുകൾ. ഏതെങ്കിലും വസ്തുതാലോകത്തിലേ അവയ്ക്ക് അവതരിക്കാൻ കഴിയൂ. എന്നാൽ അവ അപര ലോകങ്ങളിലേക്ക് തുറന്നിരിക്കുകയും ചെയ്യും. ആരെങ്കിലും ആരെയെങ്കിലും മറ്റുള്ളവർ വിളിച്ചുവരുന്നതുപോലെ വിളിച്ചാലേ പേരുള്ളൂ. എന്നാൽ പേരിനെ തളച്ചിടാൻ ബോധത്തിനോ, സമ്മതിക്കോ, നിയമത്തിനോ സാധിക്കുകയില്ല. അതുകൊണ്ടാണ് പേര് സമരം ചെയ്യുന്ന ജനങ്ങളുടെ കർതൃനിർമ്മാണ വേദിയാവുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി, ജനകീയ ആർമി, വാൾസ്ട്രീറ്റ് കൈയേറ്റക്കാർ തുടങ്ങി ഇത്തരം പേരുകളുടെ നിര തന്നെയുണ്ട്.

പേരിനെക്കുറിച്ച് ഇത്രയും വിസ്തരിച്ചുപറയാൻ കാരണമുണ്ട്. രാജീവന്റെ ചിന്തയിലെ ഇന്ത്യ നാമരൂപമാണ്. അത് ചരിത്രത്തിൽ നിന്നോ സാമൂഹിക ശാസ്ത്രങ്ങളിൽ നിന്നോ സാംസ്കാരിക പഠനങ്ങളിൽ നിന്നോ രൂപപ്പെടുത്തിയെടുത്തിരിക്കുന്ന വസ്തുതാപരമായ സങ്കല്പനമല്ല. ആഖ്യാനങ്ങളുടെ ബഹുലതയിലല്ല പേരിലെ പെരുക്കവും പെരുമയും. എന്നാൽ പൗരത്വനിയമത്തിന്റെയും ആധാർ കാർഡിന്റെയും പോലീസ് കാലത്തിലാണ് രാജീവൻ പേരിന്റെ പൊളിറ്റിക്സ് മുന്നോട്ടുവയ്ക്കുന്നത്. വർഗ്ഗീയ ഫാസിസത്തിന്റെ പോലീസ് രാജിനെതിരെയുള്ള സൂക്ഷ്മമായ നീക്കമാണിത്. 'വാക്കുകളും വസ്തുക്കളും' എന്ന പുസ്തകത്തിലെ ഭാഷാപരവും സാഹിത്യപരവുമായ പഠനങ്ങളിലൂടെ ഈ നീക്കത്തിനുവേണ്ട താത്വികമായ ശേഷി രാജീവൻ വികസിപ്പിച്ചെടുത്തിരുന്നു.



സവർക്കർ

ഹിന്ദുത്വരാഷ്ട്രീയത്തിന്റെ അടിസ്ഥാനമായി സവർക്കർ മുന്നോട്ടുവെച്ചത് പേരിന്റെ രാഷ്ട്രീയമാണ്. ഹിന്ദുവിന്റെ സത്ത ഹിന്ദുമതത്തിലോ ഭാരതവർഷം എന്നറിയപ്പെട്ട രാഷ്ട്രീയാധികാരരൂപത്തിലോ, ജാതിവ്യവസ്ഥ എന്ന സാമൂഹിക ഘടനയിലോ ഏതെങ്കിലും ജീവിതസമ്പ്രദായത്തിലോ അല്ല. ഹിന്ദു എന്നത് സിന്ധു നദിക്കരയിൽ താമസിച്ചിരുന്നവരുടെ പേരാണ്. ഈ നദീതടത്തിൽ യാഗം നടത്തി കഴിഞ്ഞിരുന്ന സാത്വികരായ ആര്യന്മാർ ആ പേര് സ്വയം വിളിച്ചിരിക്കാം. എന്നാൽ ആരും പേര് സ്വയം ഇട്ടുന്നതല്ല. പേരിന്റെ അടിസ്ഥാനം സാമൂഹികതയാണെന്ന് സവർക്കർ കരുതുന്നു. ആരെങ്കിലും മറ്റൊരാളെ, വേറെ ആരെങ്കിലും വിളിച്ചതുപോലെ വിളിക്കുന്നതാണ് പേര്.

ഒരു പേരിലെന്തിരിക്കുന്നു എന്ന 'റോമിയോ ആൻഡ് ജൂലിയറ്റി'ലെ ഷേക്സ്പിയർ ചോദ്യവുമായാണ് ഹിന്ദുത്വയുടെ സത്തയെക്കുറിച്ചുള്ള അന്വേഷണത്തിന് സവർക്കർ തുടക്കമിടുന്നത്. ഇതുവഴി ഹിന്ദുത്വത്തെ ഹിന്ദുമതത്തിൽ നിന്നും വൈദികപാരമ്പര്യത്തിൽ നിന്നും സാമൂഹിക ചരിത്രവസ്തുതകളിലും നിന്നും വിട്ടുവിക്കാനായിരുന്നു സവർക്കറുടെ ശ്രമം. ഹിന്ദു എന്ന പേരിനാൽ ഉത്തേജിതമാകുന്ന സ്നേഹമാണ് ഹിന്ദുവിന്റെ കാതൽ. ഹിന്ദു-മുസ്ലീം വേർതിരിവ് സ്വാതന്ത്ര്യസമരത്തെ പിന്നോട്ടു വലിച്ചുകൊണ്ടിരുന്ന സമയത്ത്, റായ്പൂർ ജയിലിൽ സവർക്കർ നടത്തിയ ചിന്താപരീക്ഷണമായിരുന്നു ഇത്. ഹിന്ദുക്കളും മുസ്ലീങ്ങളും രാഷ്ട്രീയ പ്രാതിനിധ്യത്തിനുവേണ്ടി നടത്തിക്കൊണ്ടിരുന്ന വിലപേശലുകൾക്കപ്പുറം രാഷ്ട്രീയത്തെ ഈ ജനതയുടെ സ്വതഃസിദ്ധമായ ശക്തികളിലേക്ക് എടുത്തുവയ്ക്കാനുള്ള ശ്രമമായിരുന്നു അത്. എന്നാൽ ഈ ചിന്തയെ മുന്നോട്ടു കൊണ്ടുപോകാൻ സവർക്കറിന് കഴിയുമായിരുന്നില്ല. ഹിന്ദുവിന്റെ സ്നേഹത്തെ വംശീയമായ ദേശീയതകളിൽ നിന്നേ അദ്ദേഹത്തിന് തിരിച്ചറിയാനായുള്ളൂ. ഹിന്ദു എന്ന പേരിന്റെ ഊർജ്ജത്തെ പൊതുചരിത്രം, രക്തബന്ധം, സംസ്കൃത ഭാഷാപൈതൃകം തുടങ്ങിയവയുടെ തുടർച്ചയായി അവരോധിച്ചു. അതോടെ ഹിന്ദു എന്ന പേര് ഞങ്ങളും അവരും തമ്മിൽ വേർതിരിച്ചറിയാനുള്ള ഐഡന്റിറ്റി കാർഡായി (ഒരുപക്ഷേ, ഗാന്ധിക്കുപോലും വംശീയ ദേശീയതയിലേക്കുള്ള ഈ വഴുക്കലിൽ നിന്ന് പൂർണ്ണമായും രക്ഷപ്പെടാനായില്ല). രാജീവൻ തിരിച്ചറിയുന്നതുപോലെ ഇന്ത്യയിൽ സംഭവിച്ച ഏറ്റവും വലിയ മതപരിവർത്തനത്തിന് ഇത് തുടക്കം കുറിച്ചു. അത് ഇസ്ലാമിലേക്കായിരുന്നില്ല. നാനാവിശ്വാസങ്ങളും ആചാരങ്ങളും സ്വത്വബോധങ്ങളും പേറിയിരുന്ന ഹിന്ദുക്കളിൽ നിന്ന് കൊളോണിയൽ അധികാരം സൃഷ്ടിച്ച വംശീയ ഹിന്ദുത്വത്തിലേക്കായിരുന്നു ആ മാർഗ്ഗംകൂടൽ. കാലങ്ങളായി പല വിളികളിൽ പെരുത്ത പേരിനെ പുതിയൊരു മാമോദീസയ്ക്കുള്ള വേദിയാക്കി സവർക്കർ.

ഇവിടെയാണ് രാജീവന്റെ ചിന്തയുടെ ധൈര്യവും സൂക്ഷ്മതയും കാണേണ്ടത്. സവർക്കറുടെ ഹിന്ദു എന്ന പേരിനെതിരെ രാജീവൻ ഇന്ത്യ എന്ന പേരെടുത്തുവയ്ക്കുന്നു. ഇതാണ് പേരിൽപ്പോര്. പേരിന്റെ അർത്ഥമല്ല, അത് കുറിക്കുന്ന വസ്തുയാഥാർത്ഥ്യമല്ല, അതിലെ പരിവർത്തന സാധ്യതകൾ തമ്മിലുള്ള രാഷ്ട്രീയ നേരിടലാണത്. സവർക്കറെ അയാളുടെ തന്നെ തട്ടകത്തിൽ കടന്നുകയറി നേരിടുകയാണ് രാജീവൻ. സവർക്കർ ഇന്ത്യയെ ഹിന്ദുമതത്തിലേക്ക് ചുരുക്കിയപ്പോൾ, രാജീവൻ സർവ്വധർമ്മങ്ങൾക്കും സമഭാവനയോടെ കഴിയാവുന്ന ഒരു പൊതുവിടമായി ഇന്ത്യയെ അവതരിപ്പിക്കുന്നു എന്നതല്ല അവർ തമ്മിലുള്ള വ്യത്യാസം. രാജീവന്റെ ഇന്ത്യ കീഴാള ജനസഞ്ചയത്തിന്റെ കേവലമായ ജനാധിപത്യത്തിനുള്ള ഇടമാണ്. കേവല ജനാധിപത്യം ബഹുലതയിലെ പാരസ്പര്യത്തിലും കൊടുക്കൽ വാങ്ങലുകളിലും കൂടി ഉണ്ടായിവരുന്ന സമവായമല്ല. ഈ സമവായമല്ല സർവ്വധർമ്മ സമഭാവന. നാനാത്വത്തിന്റെ ബഹുലതക്കെതിരെ അത് ഏകത്വമായുള്ള പേരിന്റെ അസ്ഥിരവും അനിയതവുമായ ദൃഢബന്ധത്തെ മുന്നോട്ടു വയ്ക്കുന്നു.

സവർക്കറെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ ഈ സമാഹാരത്തിലില്ല. എങ്കിലും ഇടതു ലിബറൽ സെക്കുലർ വിമർശനങ്ങളിൽ നിന്ന് വ്യത്യസ്തമായി രാജീവൻ തുറക്കുന്ന പോർമുഖം നാം വ്യക്തമായി കാണേണ്ടതുണ്ട്.

വർഗ്ഗീയവിരുദ്ധ വാക്കിനെടുത്ത് ഫാസിസത്തിന്റെ തിരിച്ചറിയൽ കാർഡുമായി ഹിന്ദു വർഗ്ഗീയതയെയും ഇസ്ലാമിക ഭീകരതയെയും സമാസമം വിമർശിക്കുന്ന യുക്തിവാദികളുടെ മാന്യമര്യാദകളല്ല രാജീവന്റെ രീതിശാസ്ത്രം. ശത്രുവുമായി അപകടകരമായ സാമീപ്യം ഏറ്റെടുക്കുകയും എതിർചിന്തയിലെ ഊർജ്ജത്തെ അതിന്റെ തന്നെ തമോഗർത്തങ്ങളിൽ നിന്ന് വഴിതിരിച്ചുവിടുകയും ചെയ്യുകയാണ് രാജീവൻ. ബ്രിട്ടീഷുകാരെ അവർ പെട്ടുകിടന്നിരുന്ന കെണിയിൽ നിന്ന് വിട്ടുവിക്കുന്നതിലൂടെ ഇന്ത്യയെയും ബ്രിട്ടനെയും ബ്രിട്ടനിൽ നിന്ന് വിമോചിപ്പിക്കുന്ന ഗാന്ധിയൻ രീതിയാണ് രാജീവന്റേത്. അതുകൊണ്ടു പോളമിക്സും വിവാദവും രാജീവന് അന്യമാണ്.

മാർക്സിസത്തെ മാർക്സിസത്തിൽ കൂടി തന്നെ രാജീവൻ മറികടക്കുന്നു. മാർക്സിസത്തിന്റെ ആണിക്കല്ലുകളായ വൈരുദ്ധ്യാത്മക ചിന്ത, പാർട്ടി, ചരിത്രവാദം, ഭരണകൂടം, വിപ്ലവം ഇവയൊന്നും രാജീവൻ അംഗീകരിക്കുന്നില്ല. എന്നാൽ മാർക്സിസത്തിന്റെ സമ്പൂർണ്ണ നിരാസം രാജീവനെ മാർക്സിസ്റ്റ് അല്ലാതാക്കുന്നില്ല. മാർക്സിസം വിട്ടു വരുന്നവർക്കു കല്പിച്ചുകൊടുത്തിട്ടുള്ള സാമ്പ്രദായിക നിലപാടുകളിൽ രാജീവൻ സുരക്ഷ തേടുന്നില്ല. ഇതിനുകാരണം മാർക്സിസം ഇനിയും ബാക്കിനിൽക്കുന്ന എന്തോ പ്രതീക്ഷയാണെന്നതല്ല. പുതിയ വ്യാഖ്യാനങ്ങളിലൂടെ മാർക്സിനെ രക്ഷിക്കാനുള്ള ശ്രമമൊന്നും രാജീവൻ നടത്തുന്നില്ല. മാർക്സിസത്തിന്റെ തകർച്ച പലതിൽ ഒരു പ്രത്യയശാസ്ത്രത്തിന്റെ തകർച്ചയല്ല. നമ്മുടെ കാലത്തെ രാഷ്ട്രീയ പ്രയോഗത്തിന്റെ അസാധ്യത തന്നെയാണ്.

മാർക്സിസത്തോടൊപ്പം ലിബറൽ പാർലമെന്ററി ജനാധിപത്യവും സ്വത്വരാഷ്ട്രീയ പ്രസ്ഥാനങ്ങളും മറ്റു സാമൂഹിക പ്രസ്ഥാനങ്ങളും പങ്കു പറ്റിയിരുന്ന രാഷ്ട്രീയം അപ്രസക്തമായിരിക്കുന്നു. അതുകൊണ്ട് ഒരു മാർക്സിസ്റ്റേതര നിലപാടിൽ നിന്നുകൊണ്ട് മാർക്സിസത്തെ വിചാരണ ചെയ്യുന്നതിൽ കഴമ്പില്ല. കർഷകസമരം, പൗരത്വനിയമ വിരുദ്ധസമരം, ആദിവാസികളുടെ ഭൂമിസമരം തുടങ്ങിയ മുന്നേറ്റങ്ങളുടെ വെളിച്ചത്തിൽ മാർക്സിസത്തിനുള്ളിൽ നിന്നുകൊണ്ട് മാർക്സിസ്റ്റ് സങ്കല്പനങ്ങളെ ഉച്ചാടനം ചെയ്യുകയാണ് രാജീവൻ. ഈ മാർക്സിസ്റ്റ് നിരാസത്തിലൂടെയാണ് രാജീവന്റെ ചിന്ത ഈ സമരങ്ങളിലെ ചിന്തയുമായി പ്രതിവർത്തിക്കുന്നത്. ചരിത്രപഠനത്തിലോ സാമൂഹിക ശാസ്ത്രങ്ങളിലോ കൂടിയല്ല രാജീവൻ മാർക്സിസത്തിന്റെ പരാജയം—അപ്രസക്തി—തിരിച്ചറിയുന്നത്. പുതിയ സമരങ്ങളോടൊത്തുള്ള ചിന്തയിലാണ് മാർക്സിസവും വിപ്ലവരാഷ്ട്രീയവും നാം കടന്നുപോകുന്ന ഭൂഖണ്ഡങ്ങളായി തെളിയുന്നത്.

വർഗ്ഗം എന്ന മാർക്സിസ്റ്റ് ഗണത്തിന്റെ അപര്യാപ്തതയ്ക്കു മുന്നിലാണ് കീഴാള ജനസഞ്ചയ സ്വാധികാരം എന്ന സങ്കല്പനം രാജീവൻ അവതരിപ്പിക്കുന്നത്. വർഗ്ഗത്തെ അപ്രസക്തമാക്കുന്നത് തൊഴിലാളിസമരങ്ങളുടെ പരാജയമോ തൊഴിലാളികൾക്ക് വർഗ്ഗശുദ്ധി നഷ്ടപ്പെടുന്നതോ കൊണ്ടല്ല. തൊഴിലാളിക്ക് പുറമേ, തൊഴിലാളിയേക്കാൾ കഷ്ടപ്പെടുന്ന സ്ത്രീകളും തൊഴിൽരഹിതരും ആദിവാസികളും ഉണ്ടെന്നും, അവരെ കൂടി ഉൾപ്പെടുത്തി വർഗ്ഗസങ്കല്പത്തെ വികസിപ്പിച്ചുകളയാം എന്ന പ്ലാനുമല്ല. മാർക്സിന്റെ വർഗ്ഗമെന്നത് വസ്തുതാവിവരണങ്ങളിലൂടെ കണ്ടെത്താവുന്ന അനുഭവവേദ്യമായ സാമൂഹിക ഗണമായിരുന്നില്ല. പ്രതിനിധാനം, അരികുവൽക്കരണം, ഒഴിവാക്കൽ ഇവയൊക്കെ രാഷ്ട്രീയകർതൃത്വത്തെ സാമൂഹിക വസ്തുതയായി കാണുന്നതിന്റെ ഫലമാണ്. രാഷ്ട്രീയഗണം കണക്കെടുപ്പിലൂടെ സംഘടിപ്പിക്കപ്പെടുന്നതല്ല. ദുരിതാനുഭവം ഉൾപ്പെടെയുള്ള ഒരു സാമൂഹികാനുഭവവും അംഗത്വത്തിനുള്ള മാനദണ്ഡവുമല്ല.

സമീർ അമീൻ

ലോകമാകെ ഒരു ഫാക്ടറിയായി മാറിയിരിക്കുകയാണെന്നും വ്യാവസായിക തൊഴിലാളികളോടൊപ്പം സേവകരും ഹാക്കർമാരും കുടുംബിനികളും കർഷകരും എല്ലാം ആഗോളവൽക്കരിക്കപ്പെട്ട മൂലധനത്തിന്റെ നേരിട്ടുള്ള പിടിയിലകപ്പെട്ടിരിക്കുകയാണെന്നും രാജീവൻ. അങ്ങനെയെങ്കിൽ ജനസഞ്ചയം എന്ന അവിയലിനു പകരം വിപുലീകരിച്ച വർഗ്ഗം എന്ന സംവർഗ്ഗം തന്നെയാണ് വേണ്ടത് എന്ന് സമീർ അമീനെ പോലെയുള്ള മാർക്സിസ്റ്റുകൾ വാദിക്കുന്നു. വർഗ്ഗമോ ജനസഞ്ചയമോ എന്നത് സാമൂഹികശാസ്ത്രപഠനത്തിലൂടെ തിരുമാനിക്കേണ്ടതല്ല. മാർക്സിസ്റ്റ് ചിന്തയ്ക്കുള്ളിൽ നിന്നുകൊണ്ടുതന്നെ വർഗ്ഗം എന്ന സങ്കല്പനത്തെ നിർത്തിവെക്കുകയാണ് രാജീവൻ. ഒരു സങ്കല്പനത്തിന്റെ നിർത്തിവെയ്ക്കൽ അതിന്റെ പരാജയമല്ല. യാഥാർത്ഥ്യത്തെ നിർണ്ണയിക്കാനും വിധിക്കാനുമുള്ള മാനദണ്ഡമല്ല സങ്കല്പനം.

വർഗ്ഗം എന്ന ഗണം പ്രസക്തമായിരുന്ന മഹത്തായ സമരങ്ങളുണ്ടായിരുന്നു. എന്നാൽ ഈ ഗണത്തെ ചിന്തയ്ക്കുള്ളിൽ നിരോധിക്കുമ്പോഴാണ് പുതിയ സമരങ്ങളുടെ സവിശേഷത തെളിയുന്നത്. വർഗ്ഗബോധം എന്ന ഗണത്തെ സമർത്ഥമായി പ്രയോഗിച്ച റഷ്യൻ വിപ്ലവം നമ്മുടെ യാഥാർത്ഥ്യമല്ല. അതിനു കാരണം നമ്മുടെ ചിന്തയിലുള്ള വിമോചനം എന്ന സങ്കല്പത്തിനൊത്ത് അതിന് നിറവേറാനായില്ല എന്നല്ല. കഴിഞ്ഞുപോയ വിപ്ലവങ്ങളെല്ലാം നമ്മുടെ പ്രതീക്ഷയ്ക്കൊത്തുയരാൻ കഴിയാതെ പോയ പാഴ്ശ്രമങ്ങളല്ല. വിജയിക്കാൻ മറ്റൊരവസരം കാത്തു കിടക്കുന്ന അപൂർണ്ണ ശ്രമങ്ങളുമല്ല. ജീവൽശക്തിയുടെ ആവിഷ്കാരം എന്ന നിലയിൽ നേടാനാവാത്ത ലക്ഷ്യങ്ങൾക്കും, ആശയക്കുഴപ്പങ്ങൾക്കും, തന്ത്രപ്പിഴവുകൾക്കും അപ്പുറം എല്ലാ സമരങ്ങളും സ്വയം പൂർണ്ണമാണ്. നമ്മൾ അനുഭവിക്കുകയും അറിയുകയും ചെയ്യുമ്പോൾ സ്വയംപൂർണ്ണരായി അമരത്വം നേടുന്നു എന്ന് സ്പിനോസ. നമ്മുടെ അറിവും അനുഭവവും നമ്മുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പരിമിതികൾക്കുള്ളിലാണ് സംഭവിക്കുന്നതെന്നും, ഈ പരിമിതികളുടെ അനിവാര്യത തിരിച്ചറിയുന്നതാണ് നമ്മുടെ സ്വാതന്ത്ര്യം എന്നും വിനയാന്വിതമായി ഘോഷിക്കുന്ന പാശ്ചാത്യ ചിന്താസമ്പ്രദായത്തിനെതിരെയുള്ള നിലപാടാണ് സ്പിനോസയുടേത്.

അതേപോലെ, ഇതുവരെയുള്ള മനുഷ്യരുടെ എല്ലാ സമരങ്ങളെയും ജയപരാജയങ്ങൾക്കും ശരിതെറ്റുകൾക്കും അതീതമായി തുല്യതയോടെയും സ്നേഹത്തോടെയും കാണുന്ന ദർശനമാണ് രാജീവന്റേതും. താൻ പങ്കെടുത്തിരുന്ന നക്സൽ പ്രസ്ഥാനത്തിന്റെ തെറ്റുകളിൽ നിന്നല്ല, ഇന്നത്തെ രാഷ്ട്രീയ സമരങ്ങളുടെ തുടർച്ചയിൽ നിന്നാണ് രാജീവൻ പഠിക്കുന്നത്. തന്റെ തെറ്റുകളിൽ നിന്ന് എല്ലാവരും പഠിക്കണമെന്നും, തെറ്റുകളിൽ നിന്നേ പഠിക്കാവൂ എന്നുമുള്ള ശാഠ്യം രാജീവനില്ല. ചരിത്രസാഹചര്യങ്ങൾ നീട്ടിവെച്ചുതരുന്ന സുവർണ്ണാവസരങ്ങളാണ് സമരങ്ങൾ എന്ന ധാരണയും ഇവിടെയില്ല. വൈരുദ്ധ്യാത്മക ചരിത്രവാദത്തിൽ നിന്ന് പൂർണ്ണമായും മുക്തി നേടിയ രാഷ്ട്രീയ ദർശനമാണ് രാജീവന്റേത്.

ഗുരുവിനെ ഗുരുവായി കാണുന്ന ഒരാളുടെ

സനിൽ, വി.



തലയോലപ്പറമ്പ് സ്വദേശി. ദില്ലി ഐ. ഐ. റ്റി. യിലെ ഹ്യുമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസസ് വിഭാഗത്തിൽ പ്രൊഫസറാണ്. തിരുവനന്തപുരം ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിങ് ബിരുദം, കാൻപൂർ ഐ. ഐ. റ്റി.-യിൽ നിന്നു പി എച്ച്.ഡി. ശാസ്ത്രം, സാങ്കേതികവിദ്യ, കല, രാഷ്ട്രീയം തുടങ്ങിയ മണ്ഡലങ്ങളിൻ തത്ത്വചിന്താപരമായ അന്വേഷണങ്ങളിൽ താല്പര്യം. അനേകം ഗവേഷണ പ്രബന്ധങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമേരിക്കയിലെ ഹവായ് യൂണിവേഴ്സിറ്റിയിലെ വാറ്റുമൽ പ്രൊഫസർ, ബ്രിട്ടനിലെ ലിവർപൂൾ യൂണിവേഴ്സിറ്റിയിൽ ചാൾസ് വാലസ് ഫെലോ, പാരീസിലെ മിസോ ദിസ്യോസ് ദ്ലൂമിലെ അസോസ്സിയേറ്റ് റിസർച്ച് ഡയറക്ടർ, ബുഡാപെസ്റ്റ് സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിലെ റിസേർച്ച് എക്സലൻസ് ഫെലോ എന്നീ നിവൃത്തികളിലും ഏർപ്പെട്ടിട്ടുണ്ട്.

(ചിത്രങ്ങൾക്കും വിവരങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്).

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.